# GUPS ANAKKAYAM



# SCHOOL ACADEMIC MASTER PLAN

## 2025-26



Anakkayam Panchayath
Manjeri Sub District.
Malappuram Dist.

# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



# ജി.യു.പി.എസ്. ആനക്കയം

ആനക്കയം പഞ്ചായത്ത്, മഞ്ചേരി സബ്ജില്ല

മലപ്പുറം ജില്ല

# ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | School Profile | 3 |
| 2 | ആമുഖം | 4 |
| 3 | സ്കൂൾ ചരിത്രം | 5 |
| 4 | അവസ്ഥാ വിശകലനം | 6 |
| 5 | മാസ്റ്റർ പ്ലാൻ മലയാളം ക്ലാസ് 1 | 9 |
| 6 | മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ് ക്ലാസ് 1 | 11 |
| 7 | മാസ്റ്റർ പ്ലാൻ പരിസരപഠനം ക്ലാസ് 1 | 12 |
| 8 | അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിതം ക്ലാസ് 1 | 13 |
| 9 | മാസ്റ്റർ പ്ലാൻ ക്ലാസ് 2 | 14 |
| 10 | മാസ്റ്റർ പ്ലാൻ ക്ലാസ് 3 മലയാളം | 22 |
| 11 | ക്ലാസ് 3 ഗണിതം | 24 |
| 12 | ക്ലാസ് 3 ഇംഗ്ലീഷ് | 25 |
| 13 | ക്ലാസ് 3 ഇ. വി. എസ്. | 26 |
| 14 | മാസ്റ്റർ പ്ലാൻ ക്ലാസ് 4 – മലയാളം | 29 |
| 15 | ക്ലാസ് 4 – ഗണിതം | 30 |
| 16 | ക്ലാസ് 4 – ഇംഗ്ലീഷ് | 32 |
| 17 | ക്ലാസ് 4 – ഇ. വി. എസ്. | 33 |
| 18 | അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് (എൽ. പി.) | 36 |
| 19 | മലയാളം (യു. പി.) | 38 |
| 20 | ഗണിതം (യു. പി.) | 40 |
| 21 | സാമൂഹ്യശാസ്ത്രം (യു. പി.) | 42 |
| 22 | സയൻസ് (യു. പി.) | 45 |
| 23 | ഇംഗ്ലീഷ് (യു. പി.) | 47 |
| 24 | അറബിക് (യു. പി.) | 48 |
| 25 | ഹിന്ദി | 50 |
| 26 | ഉർദു | 52 |

| SCHOOL PROFILE | | |
|---|---|---|
| 1 | NAME OF SCHOOL | G.U.P.S ANAKKAYAM |
| 2 | REVENUE DISTRICT | MALAPPURAM |
| 3 | EDUCATIONAL DIDSTRICT | MALAPPURAM |
| 4 | SUB DISTRICT | MANJERI |
| 5 | BLOCK | MALAPPURAM |
| 6 | TALUK | ERANADU |
| 7 | PANCHAYATH | ANAKKAYAM |
| 8 | NAME OF HM | KM ABDULLAH. |
| 9 | SCHOOL PHONE NUMBER | 0483-2848490 |
| 10 | MOBILE NUMBER (HM) | 9846224586 |

# ആമുഖം

മലപ്പുറം ജില്ലയിലെ മഞ്ചേരി സബ് ജില്ലയിൽ ആനക്കയം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജി.യു.പി.എസ് ആനക്കയം 1974ലാണ് സ്ഥാപിതമായത്. 1 മുതൽ 7 വരെ 17 ഡിവിഷനുകളും കൂടി പ്രീ പ്രൈമറി യും പ്രവർത്തിക്കുന്നു. 23 സ്ഥിരം ജീവനക്കാരും 5 താൽക്കാലിക ജീവനക്കാരും 463 കുട്ടികളും അടങ്ങിയതാണ് സ്കൂൾ.

കുട്ടികളുടെ പാഠ്യപാഠ്യേതര മേഖലകളിൽ തുല്യത ഉറപ്പ് വരുത്തി കൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടുന്നതിന് ഓരോ വിഷയാടിസ്ഥാനത്തിലും ഓരോ മേഖലകളിലും കുട്ടികൾ പ്രാവീണ്യം നേടുന്നതിന് വേണ്ടി പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായ സമയ ദൈർഘ്യത്തിന്റെയും സാമ്പത്തിക ലഭ്യതയുടേയും അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു കൊണ്ട് തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

എസ്.ആർ.ജി യോഗങ്ങൾ ചേർന്ന് കൊണ്ടും കൗൺസിലുകൾ ചേർന്ന് കൊണ്ടും രക്ഷാകർതൃ യോഗങ്ങളിൽ ചർച്ച ചെയ്തുകൊണ്ടും രൂപപ്പെടുത്തിയതാണ് ഇതിന്റെ കരടു രൂപം.

ആനക്കയം ഗവ. യുപി സ്കൂൾ

# <u>ചരിത്രം</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത കാരണം ആനക്കയം ഗ്രാമം വിദ്യാഭ്യാസപരമായി വളരെ പിന്നിലായിരുന്നു. അപ്പർ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കണമെങ്കിൽ ചുരുങ്ങിയത് 5 കി.മീ യാത്ര ചെയ്യേണ്ടതിനാൽ കുട്ടികൾ അഞ്ചാം ക്ലാസോടുകൂടി പഠനം നിർത്തുകയാണ് പതിവ്. ഇതിന് പരിഹാരമായി ഇപ്പോഴത്തെ നാലാം വാർഡ് കേന്ദ്രീകരിച്ച് ഒരു യുപി സ്കൂൾ തുടങ്ങുക എന്ന ഉദ്ദേശ്യ ത്തോടെ ആനക്കയത്തെ കക്ഷി രാഷ്ട്രീയ ഭേദമേന്യേ പൗര പ്രമുഖരെല്ലാം ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ആനക്കയം ജി.യു.പി. സ്കൂൾ അനുവദിച്ചത്.

1974 ൽ ഈ വിദ്യാലയം അഞ്ചാം ക്ലാസോടു കൂടി പ്രവർത്തനം തുടങ്ങി. മദ്രസാ കെട്ടിടത്തിലാണ് കെട്ടിടമില്ലാത്തതിനാൽ പ്രവർത്തിച്ചിരുന്നത്. തുടർന്ന് ഇന്ന് സ്കൂൾ പ്രവർത്തിക്കുന്ന 2 ഏക്കർ 15 സെന്റ് സ്ഥലത്ത് പിടിഎ കമ്മിറ്റി 3 മുറികളുള്ള കെട്ടിടം പണിതു. 1986 ൽ കേരള സർക്കാർ ഇരുനില കെട്ടിടവും 1990 ൽ ഡിപിഇപി രണ്ടു ക്ലാസ് മുറികളുള്ള കെട്ടിടവും 1997 ൽ ജില്ലാ പഞ്ചായത്ത് 4 ക്ലാസ് മുറികൾക്ക് ആവശ്യമായ കെട്ടിടവും 2003 ൽ ബ്ലോക്ക് പഞ്ചായത്ത് സ്കൂൾ സ്റ്റേജും നിർമ്മിച്ചു. 2010 മുതൽ പിടിഎ സഹകരണത്തോടെ പ്രീ പ്രൈമറി ആരംഭിച്ചു. 2016ൽ സ്കൂളിന്റെ ചുറ്റുമതിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ചു. 2019 ൽ എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് 5 ക്ലാസ് മുറികളുള്ള കെട്ടിടം പണിതു. 2024 ൽ കേരള സർക്കാർ പൊതുമരാമത്ത് 1 കോടി രൂപ ഫണ്ട് ഉപയോഗിച്ചു സി.സി.ടി.വി., അടക്കമുള്ള 5 ഹൈടെക് ക്ലാസ് മുറികൾ നിർമ്മിച്ചു. അധികാര വികേന്ദ്രീകരണത്തോടെ തദ്ദേക സ്വയംഭരണ സ്ഥാപന ങ്ങൾക്ക് പ്രൈമറി വിദ്യാലയങ്ങൾ കൈ മാറിയപ്പോൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ എം.എൽ.എ ഫണ്ടിൽ നിന്നും പുതിയ കെട്ടിടത്തിനായി 70 ലക്ഷം വകയിരുത്തി 5 ക്ലാസ് മുറികളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

# പഠനസൗകര്യങ്ങൾ

**പ്രീ–പ്രൈമറി:–** 2010–ൽ ആരംഭിച്ച പ്രീ പ്രൈമറി വിഭാഗത്തിൽ കുട്ടികൾ കൂടി വരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റേയും എസ്.എസ്.എ യുടേയും നിർദ്ദേശമനുസരിച്ച് ക്ലാസ് നടന്നു വരുന്നു.ടീച്ചർക്ക് പൊതുവിദ്യഭ്യാസ വകുപ്പിൽ നിന്നും ഹോണറേറിയം നല്കി വരുന്നു. ആയയ്ക്ക് പിടിഎ ശമ്പളം നൽകുന്നു.

**വർണ്ണക്കൂടാരം:–** പ്രീ–പ്രൈമറിയിൽ എസ്.എസ്.കെ. സ്റ്റാർസ് ഫണ്ടിൽ 13 അനുഭവ ഇട ങ്ങളോടു കൂടിയ വർണ്ണക്കൂടാരം പദ്ധതി നടപ്പിലായി.

**പഠനോപകരണങ്ങൾ:–** എല്ലാ കുട്ടികൾക്കും ഫ്രീ ബുക്കുകൾ നൽകുന്നു. കലാ കായിക പ്രവർത്തി പരിചയത്തിന് വേണ്ടത്ര ഉപകര ണങ്ങൾ ലഭ്യമല്ല.

**കമ്പ്യൂട്ടർ പഠനം:–** എല്ലാ ക്ലാസിലേയും കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനം നൽകുന്നു.

**ലൈബ്രറി:–** സ്വന്തമായി സ്ഥലസൗകര്യമൊരുക്കിയ ലൈബ്രറി പ്രവർത്തിക്കുന്നു.

**കായിക പരിശീലനം:–** ആഴ്ചയിൽ 4 ദിവസം ബിആർസിയിൽ പിഇടി അദ്ധ്യാപകർ കായിക പരിശീലനം നൽകി വരുന്നു.

**സ്കൂൾ ശുചിത്വപരിപാടി:–** പഞ്ചായത്തിൽ നിന്നും ഓരോ ബ്ലോക്കിലേക്കും ലഭിച്ച വേസ്റ്റ് ബിന്നുകൾ വഴി ജൈവം, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നൽകുന്നു.

**കായികക്ഷമതാ പരിശോധന:–** 5 മുതൽ 7വരെ ക്ലാസിലെ കുട്ടികൾക്ക് വിവിധ കായിക ക്ഷമതാ പരിശോധനകൾ നടത്തി കായിക ക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

**ഉച്ചഭക്ഷണ വിതരണം:–** ആഴ്ചയിൽ രണ്ട് ദിവസം പാൽ, ഒരു ദിവസം മുട്ട, കൂടാതെ എല്ലാ ദിവസവും വിഭവ സമൃദ്ധവുമായ ഉച്ച ഭക്ഷണം വിതരണം ചെയ്യുന്നു.

**സാമൂഹിക നീതി അവസരതുല്യം:–** ആനക്കയം പഞ്ചായത്ത് കേന്ദ്ര ഭാഗത്ത് പ്രവർത്തി ക്കുന്ന ഈ വിദ്യാലയത്തിൽ 95 വും പിന്നോക്ക വിഭാഗവും, ബാക്കി പട്ടിക ജാതി, ഒ.ബി.സി വിഭാഗവുമാണ്. സാമ്പ ത്തിക പ്രയാസം അനുഭവിക്കുന്ന കുട്ടികളാണ് കൂടുതലും. ആൺ പെൺ വിത്യാസമില്ലാതെ പഠന പ്രവർത്തനങ്ങൾ നൽകുന്നു. പഠന പ്രവർത്തനങ്ങളിൽ പെൺകുട്ടികൾ ഉന്നത നിലവാരം പുലർത്തുന്നു.

**ക്ലാസ്മുറികൾ:–** നിലവിൽ എല്ലാ ക്ലാസുകൾക്കും മുറികൾ ഉണ്ടെങ്കിലും ലൈബ്രറി, ലാബ്, ലാഗ്വേജ് എന്നിവയ്ക്ക് പ്രത്യേകം റൂമുകൾ ഇല്ല. 6 ക്ലാസുകളുടെ അഭാവം നേരിടുന്നു.

| അക്കാദമിക പ്രവർത്തനങ്ങൾ | |
|---|---|
| 1 | സബ്ജക്ട് കൗൺസിൽ |
| 2 | എസ്.ആർ.ജി |
| 3 | ക്ലബ്ബ് പ്രവർത്തനങ്ങൾ |
| 4 | പഠനോപകരണ നിർമ്മാണ ശേഖരണം |
| 5 | ലാബ് പ്രവർത്തനങ്ങൾ |
| 6 | ലൈബ്രറി പ്രവർത്തനങ്ങൾ, സിഡി ലൈബ്രറി |
| 7 | ദിനാചരണങ്ങൾ |
| 8 | നിരന്തര വിലയിരുത്തൽ |
| 9 | കലാകായിക പ്രവൃത്തി പരിചയം |
| 10 | പഠനപോഷണ പരിപാടി (പഠന പിന്നോക്കക്കാർക്ക്) |
| 11 | സ്കോളർഷിപ്പ് പരീക്ഷകൾ |
| 12 | ടാലന്റ് സെർച്ച് പരിപാടികൾ |
| 13 | പ്രസിദ്ധീകരണങ്ങൾ |
| 14 | ഐ.ടി അധിഷ്ഠിത പഠനം |
| 15 | ജെ.ആർ.സി, |
| 16 | പഠനയാത്ര, ഫീൽഡ് ട്രിപ്പ് |
| 17 | സഹവാസ ക്യാമ്പ് |
| 18 | വിദഗ്ധ ക്ലാസുകൾ |
| 19 | സെമിനാർ, ശിൽപശാല |
| 20 | വിദ്യാലയ ജനാധിപത്യ വേദികൾ |
| 21 | അദ്ധ്യാപക ശാക്തീകരണ പരിപാടികൾ |
| 22 | ഒന്നാം ക്ലാസ് ഒന്നാംതരം |
| 23 | മെഗാക്വിസ് പ്രോഗ്രാം |
| 24 | മാസം ഒരു വിശിഷ്ഠാതിഥി അഭിമുഖം |
| 25 | അന്താരാഷ്ട്ര വർഷം പ്രവർത്തന പരിപാടികൾ മണ്ണ് 2015 |
| 26 | ബ്ലോഗ്, വെബ്സൈറ്റ് വികസിപ്പിക്കൽ |
| 27 | സ്കൂൾ തല മേളകൾ |
| 28 | ക്ലാസ് പത്രങ്ങൾ |

| സാമൂഹിക പങ്കാളിത്തം | |
|---|---|
| 1 | എസ്.എം.സി, പി.ടി.എ ശാക്തീകരണം |
| 2 | സി.പി.ടി.എ |
| 3 | പൂർവ്വ വിദ്യാർത്ഥികൾ |
| 4 | ഗൃഹ സന്ദർശനം |
| 5 | കോർണർ പി.ടി.എ |
| 6 | ജാഗ്രതാ സമിതി |
| 7 | പി.ഇ.സി. |
| 8 | ബോധവത്കരണ ക്ലാസുകൾ |
| 9 | കൗൺസിലിംഗ് |
| 10 | സ്കൂൾ വാർഷികം |
| 11 | പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഗമങ്ങൾ |
| 12 | സഹപാഠിക്കൊരു വീട് |
| 13 | പഠനത്തോടപ്പം വരുമാനം |
| 14 | അമ്മ വായനാമൂല |
| 15 | അയൽപക്ക ലൈബ്രറി |

ജി. യു. പി. എസ്. ആനക്കയം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## മലയാളം

**ലക്ഷ്യങ്ങൾ :**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ള വരാക്കുക.
- സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| 1. വായന | ➢ ചിത്ര വായന<br><br>വിവിധതരം ചിത്രങ്ങൾ കാണിച്ചു വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. വായനാ മൂല ഒരുക്കൽ | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| 2. ലേഖനം | ➢ ചിത്രങ്ങൾ നോക്കി അവയുടെ പേരെഴുതുന്നു.<br>• സചിത്ര പുസ്തകം (പ്രവർത്തന പുസ്തകം മലയാളം)<br>• സംയുക്ത ഡയറി എഴുത്ത്<br>• ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തിയെഴുതൽ ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തി എഴുതൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| **3. അടിസ്ഥാന ഭാഷാശേഷി വി കസനം** | • ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ - ഒക്ടോബർ | ക്ലാസ് ടീച്ചർ, SRG, SMC | SMC |
| | **അമ്മ പറയട്ടെ**<br>• അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു | ജൂലൈ-ഡിസംബർജനുവരി മാസത്തിൽ | SRG, MPTA | MPTA |
| **4. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ** | • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• പ്രീ ടെസ്റ്റ്<br>• പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി വർക്ക് ഷീറ്റ് നൽകുന്നു | ജൂലൈ - മാർച്ച് | | |
| സംയുക്ത ഡയറി<br><br>സചിത്ര പുസ്തകം<br><br>മലയാള WB (കുഞ്ഞെഴു ത്ത്) | • എല്ലാദിവസവും ഡയറി അമ്മമാരുടെ സഹായത്തോടെ | ജൂലൈ-മാർച്ച് | അമ്മമാർ | |

അക്കാദമികം (ക്ലാസ് - 1)

# ഇംഗ്ലീഷ്

**AIM:** തുല്യതയും ഗുണമേന്മയും ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ.

| Sl.No. | Project | Learning Activities | Time | Co-ordinator | Source of Finance |
|---|---|---|---|---|---|
| 1 | **English Fest** | Find words from reading materials<br>Describing words from text boo | | | |
| | | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | | | |
| 2 | **English Copy Writing** | പാഠഭാഗവുമായി ബന്ധപ്പെട്ട അക്ഷരങ്ങളും വാക്കുകളും നൽകുന്നു. | | | |
| 3 | **Make word Web** | പാഠഭാഗവുമായി ബന്ധപ്പെട്ട പദങ്ങൾ നൽകി word web തയ്യാറാക്കുന്നു. | | | |
| 4 | **Buz Bee** | ആഴ്ചയിൽ ഒരു English Letter നൽകി കൂടുതൽ വാക്കുകൾ എഴുതിപ്പിക്കുന്നു | | | |

## (ക്ലാസ് - 1)

# പരിസരപഠനം

**ലക്ഷ്യങ്ങൾ :**

- വിവിധതരം പക്ഷികളെ നിരീക്ഷിച്ച് അവയിലെ വൈവിധ്യത്തെ തിരിച്ചറിയുന്നു.
- വിവിധതരം സസ്യവൈവിധ്യങ്ങൾ തിരിച്ചറിയുന്നു.
- സസ്യ ഭാഗങ്ങൾ തിരിച്ചറിയുന്നു.
- വീട്ടിൽ വളർത്തുന്നവ അല്ലാത്തവ ജീവികളെ കണ്ടെത്തുന്നു.
- മഴ- ചിത്രീകരണം, അനുഭവം പറയൽ, നിരീക്ഷണം.
- നിറം മണം രുചി വലിപ്പം ആകൃതി എന്നിവയിൽ പഴങ്ങൾ പട്ടികപ്പെടുത്തുന്നു.

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രകൃതി നടത്തം | പരിസ്ഥിതി ദിനത്തിൽ പ്രകൃതി അറിയാൻ ചുറ്റുപാട് അറിയാൻ വിദ്യാലയത്തിന്റെ പരിസരം പരിചയപ്പെടൽ തിരിച്ചറിയൽ. | ജൂൺ | | |
| 2 | വിദ്യാലയ ഉദ്യാനം | സ്കൂൾ പൂന്തോട്ട നിർമ്മാണത്തിൽ പങ്കാളിയാവൽ. | ജൂലൈ | | |
| 3 | വൈവിധ്യമുള്ള ചെടികൾ | ചെറിയ പൂക്കൾ വലിയ പൂക്കൾ മണമുള്ളവ മണമില്ലാത്തവ ഔഷധം ഉള്ളത് ഔഷധം ഇല്ലാത്തത് | ആഗസ്റ്റ് - സെപ്തംബർ | ടീച്ചർ | പിടിഎ. |
| 4 | ഞാനും എന്റെ ചുറ്റുപാടും | കൂട്ടമായി നടക്കാം കുട്ടികൾ ഗ്രൂപ്പുകളായി സ്കൂളിന് ചുറ്റും നടന്ന് മരങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>* വൃക്ഷത്തെ നട്ട് സംരക്ഷിക്കുന്നു. | | | |
| 5 | ഫോട്ടോ ഗ്യാലറി. | പഴങ്ങളുടെ ചിത്രങ്ങളും പേരുകളും. | ഒക്ടോബർ | അധ്യാപകർ | പിടിഎ. |

(ക്ലാസ് - 1)

# ഗണിതം

**ലക്ഷ്യങ്ങൾ :**

- എല്ലാ കുട്ടികളും ഗണിതത്തിലെ അടിസ്ഥാനശേഷികളായ സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവ നേടാൻ പ്രാപ്തരാക്കുക.
- ഗണിതത്തിൽ താൽപര്യം വളർത്തുക.

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രീ-ടെസ്റ്റ് | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വിവിധ ഗ്രൂപ്പുകൾ ആക്കി അവർക്ക് വേണ്ട വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ | | |
| 2 | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജ്യാമിതീയ രൂപങ്ങൾ നിർമ്മാണ ശില്പശാല. | സെപ്തംബർ - മാർച്ച് | ക്ലാസ് ടീച്ചർ | SMC |

ജി. യു. പി. എസ്. ആനക്കയം

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ക്ലാസ് 2**

# ആമുഖം

ആനക്കയം ഗവയു പി സ്കൂളിൽ 2025-26 അധ്യയന വർഷം 40 കുട്ടികൾ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാ ശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാല സാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കാൻ സാധിക്കും.
- Comprehension reading, oral readingഎന്നിവയിൽകുട്ടികളുടെ നിലവാരം ഉയർത്താൻ കഴിയും.
- ഗണിത പഠനത്തിൽ താല്പര്യവും യുക്തിബോധവും വളർത്തുന്നു.
- കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തി ചിന്തയും വളരുന്നു.

- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ക്ലാസ് പിടിഎ കൾ ശക്തിപ്പെടു ത്താനും സാധിക്കും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

## റീഡേഴ്സ്തിയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ  കഴിയണം. തുടക്ക് വായനക്കാർ എന്ന നിലയിൽ ഭാവാത്മകവ ായനക്കും ശ്രാവ്യ വായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

### ലക്ഷ്യപ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും  ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന്  ശ്രാവ്യവായന, ഭാവാത്മകവായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തിയേറ്റർ എസ്. ആർ.ജിയിൽ ആശയം പങ്കിടൽ (ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (ജൂൺ അവസാനം).
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെ ടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (ജൂലൈ- മാർച്ച്).

- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (എല്ലാ മാസവും).
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (മാർച്ച്).

**ചുമതല : ക്ലാസ്ടീച്ചർ**
**സാമ്പത്തികം : 1000/-**

## സംയുക്തഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട്എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷിവികസനം സാധ്യമാകുന്നതിത് ഡയറിഎഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാ ശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- എസ്.ആർ ജിയിൽആശയം പങ്കിടുന്നു.
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പു വരുത്തുന്നു. (ജൂൺ രണ്ടാംവാരം)

- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക്മാറ്റുന്നു.

**ചുമതല : ക്ലാസ്ടീച്ചർ, രക്ഷിതാവ്**
**സാമ്പത്തികം : 2000**

## മലയാള മധുരം

കുഞ്ഞു കഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയ ങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ലഭിക്കുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മകവായനയിലേക്കും നയിക്കുന്നതിലൂടെ നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊ രുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗ ശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു. (ജൂൺ അവസാനം)
- CPTAയിൽ അവതരിപ്പിക്കുന്നു.(ജൂൺ)
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. (ജൂലൈ)

# പാട്ടരങ്ങ്

ഭാഷാ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മക മാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യ പ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ- പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന ക്രമം എന്നിവസ്—കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെ യും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പു വരുത്തുന്നു. (ജൂൺ അവസാനം)
- കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ്അവതരണം.

**ചുമതല : ക്ലാസ്ടീച്ചർ**

# ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ് പത്രം. ഓരോകുട്ടിയെയും തങ്ങൾ കണ്ടതോകേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴു ത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം. ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള കഴിവ് ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ്ആർജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം)
- ക്ലാസ് പിടിഎയിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു. ജൂലൈ അവസാനം)
- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്ത രുപത്തിൽ എഴുതുന്നു.
- ആവശ്യമായ എഡിറ്റിങ് നടത്തുന്നു.
- ഓരോമാസവും ഒന്ന് വീതം തയാറാക്കുന്നു. (ഓഗസ്റ്റ് മാസം മുതൽ)

# വിജയസ്പർശം

## ലക്ഷ്യ പ്രസ്താവനകൾ

- എല്ലാകുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.
- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

- സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകുക.
- വർക്ക് ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.
- കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - **ജൂൺ – ഫെബ്രുവരി**

**ചുമതലകൾ** : **ക്ലാസ്ടീച്ചർ, SRG**

**സാമ്പത്തികം** : **PTA, SSK(5000/-)**

# പരീക്ഷണങ്ങൾ

## ലക്ഷ്യപ്രസ്താവനകൾ

- ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നു
- അപഗ്രഥിച്ച് നിഗമനത്തിലെത്താൻ പ്രാപ്തനാകുന്നു.
- വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച്കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
- യുക്തിചിന്ത വളർത്തുന്നു.

## പ്രവർത്തനങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകല്പന ചെയ്യുകയും ചെയ്യുന്നു.
- കാലയളവ് - ജൂൺ - ഫെബ്രുവരി

**ചുമതലകൾ**

**ക്ലാസ്ടീച്ചർ** : **CPTA**

**സാമ്പത്തികം** : **SSK, PTA**(Rs: 5000)

## ആഴ്ച നക്ഷത്രം

അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഈ വർഷം രണ്ടാം ക്ലാസിൽ നടപ്പാക്കുന്ന പ്രവർത്തനമാണ് ആഴ്ച നക്ഷത്രം. പൊതുവിജ്ഞാനത്തിന് പ്രാധാന്യം കൽപ്പിക്കുകയും പൊതുവിജ്ഞാന സമ്പാദനം ഒരു ശീലമാക്കി മാറ്റുകയും ചെയ്യുകയെന്ന ലക്ഷ്യമാണ് ഇതിനുള്ളത്. LSS-USS പരീക്ഷകൾ ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് ഒഴിച്ചു കൂടാനാവാത്തതാണ് പൊതുവിജ്ഞാനം. പരന്ന വായനയിലൂടെ മാത്രമേ പൊതു വിജ്ഞാനത്തിന്റെ ലോകത്തേക്ക് എത്താൻ കഴിയുകയുള്ളൂ.

**പ്രവർത്തന ഘട്ടങ്ങൾ**

- എല്ലാആഴ്ചയിലും മുൻകൂട്ടി നൽകുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അന്വേഷണത്തിലൂടെ കുട്ടികൾ കണ്ടെത്തണം.
- ചോദ്യങ്ങളും ഉത്തരങ്ങളും ഒരു നോട്ടുബുക്കിൽ എഴുതുന്നു.
- എല്ലാ ആഴ്ചയിലും മത്സരങ്ങൾ നടത്തും.
- ചെറിയ സമ്മാനങ്ങൾ നൽകുന്നു.
- എല്ലാ മാസവസാനവും അതാത് മാസത്തെ ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം
- വിജയികൾക്ക് യൂണിഫോമിനൊപ്പം ധരിക്കാൻ സ്റ്റാർ ബാഡ്ജ് .
- വർഷാവസാനം മെഗാ ഫൈനൽ മത്സരം.
- വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ.
- പങ്കെടുത്ത എല്ലാകുട്ടികൾക്കും ട്രോഫിയും സർട്ടിഫിക്കറ്റും.
- അമ്മമാർക്കും പൊതുവിജ്ഞാന സമ്പാദനത്തിന് അവസരം. വർഷാവസാനം അമ്മമാർക്കും മത്സരം.

# Read & Reap

55ദിനം, 55 വായന സാമഗ്രി

**ലക്ഷ്യം**

- ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ oral reading, comprehension reading എന്നിവ മെച്ചപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

- വായന സാമഗ്രിസ്റ്റിക്കർ രൂപത്തിലാക്കുന്നു.
- ഓരോ ദിവസവും കുട്ടിയുടെ നോട്ടു ബുക്കിൽ ഒട്ടിച്ച് നൽകുന്നു.
- കുട്ടികളെക്കൊണ്ട് വായിപ്പിക്കുകയും ചോദ്യങ്ങൾക്കുള്ള ഉത്തരം നോട്ടു ബുക്കിലേയ്ക്ക് എഴുതിപ്പിക്കുകയും ചെയ്യുന്നു.

ജി. യു. പി. എസ്. ആനക്കയം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3

## <u>മലയാളം</u>

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **വായന**<br><br>*മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടത യോടും അനായാസമാ യി വായിക്കൽ* | പ്രീ ടെസ്റ്റ് | ജൂൺ | | |
| | ക്ലാസ് ലൈബ്രറി | അധ്യയന വർഷം മുഴുവൻ | | |
| | ക്ലാസ് ലൈബ്രറി ആകർഷക മാക്കൽ | ജൂൺ | | |
| | അമ്മ വായന | അധ്യയന വർഷം മുഴുവൻ | | |
| | വായന കാർഡുകൾ തയ്യാറാക്കൽ | ജൂൺ-ജൂലൈ | | |

| | | | | |
|---|---|---|---|---|
| **ലേഖനം**<br><br>*വിവിധ വ്യവഹാര രൂപ ങ്ങൾ ആസ്വദിക്കാനും എഴുതാനും ഉള്ള ശേ ഷി വികസിപ്പിക്കുക.*<br><br>*അക്ഷരം തെറ്റുകൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്താനുള്ള ശേ ഷി കൈവരിക്കൽ* | ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചന നടത്തുക.<br><br>ജൂൺ 5 പരിസ്ഥിതി ദിനം<br>ജൂൺ 19 വായനാ ദിനം<br>വായനാവാരം<br><br>ആഗസ്റ്റ് 6-ഹിരോഷിമ ദിനം<br>ആഗസ്റ്റ്-9 നാഗസാക്കി ദിനം<br>ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം | ജൂൺ<br><br>ജൂൺ<br><br>ആഗസ്റ്റ് | | |
| **സർഗ്ഗാത്മക പ്രകടനം** | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരി പ്പിക്കൽ | അക്കാദമിക വർഷം മുഴുവൻ | | |

# ഗണിതം - ക്ലാസ് -3

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **ചതുരം, വൃത്തം, ത്രി കോണം എന്നീ രൂപ ങ്ങളെക്കുറിച്ചുള്ള ധാര ണ നൽകുന്നു.** | -പ്രീ ടെസ്റ്റ്<br>-കമ്പുകൾ, വളകൾ, എന്നിവ ഉപയോഗിച്ച് ചതുരം, ത്രി കോണം, വൃത്തം എന്നിവ നിർ മ്മിക്കുന്നു. | ജൂൺ<br>ജൂൺ-ജൂലൈ | | |

| | | | | |
|---|---|---|---|---|
| **999 വരെയുള്ള സം ഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനി ക്കുന്നു.** | **സംഖ്യ പാറ്റേണുകൾ**<br>• നാണയങ്ങൾ<br>• കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ്<br><br>ആഗസ്റ്റ് | | |
| **എല്ലാ കുട്ടികളിലും സംഖ്യാവബോധം ഉണ്ടാക്കുക.** | വസ്തുക്കൾ ഉപയോഗിച്ച് സം ഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | | |
| **സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടിക ളെ പ്രാപ്തമാക്കുക.** | -മനക്കണക്കുകൾ<br>-നിത്യ ജീവിതവുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങൾ | സെപ്തംബർ | | |
| **ഗുണന വസ്തുതകൾ നേടൽ** | -മനക്കണക്കുകൾ<br>-മഞ്ചാടിക്കളി | സെപ്തംബർ | | |
| **സ്ഥാനവില തിരിച്ച റിയൽ** | -സംഖ്യാ പോക്കറ്റ്<br>-സംഖ്യാ കാർഡുകൾ | സെപ്തംബർ | | |

# ENGLISH-STD III

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| **To Study alphabets** | - Pre Tes<br>- Write Simple Words | June - July | Teacher, Students | PTA |
| **To Study, Write and read simple words** | Circle the word from TB and read | August – September | Teacher, Students | NIL |

| | | | | |
|---|---|---|---|---|
| **Create more opportunities for English speaking in the classroom** | Class room communication should be in English, like may I drink water ? May 1 go to bathroom ?<br>- Hello<br>- Hello, everyone<br>- Good morning<br>- Good morning Everyone<br>- Good morning class<br>- Good afternoon everyone<br>- How are you ?<br>- How are you all ?<br>- How are you today ?<br>- Let me take attendance Etc.. | Academic Year | Teacher<br>Students<br>Parents | NIL |
| **Listen to the instruction and act accordingly** | Action Song, games, relay play | Academic Year | Teacher<br>Students | NIL |
| **Write simple description/ Sentence based in given + home** | Pictures in TB, Pictures of animals, birds, Plants etc, picture story | Academic Year | Teacher<br>Students | PTA |
| **Read and enjoy the poems in TB and in video** | Sing the poem individually and in group. Listen poem on TV | June - December | Teacher<br>Students | NIL |

# ENVIRONMENTAL SCIENCE-CLASS 3

**TEACHER IN CHARGE : CHEKKUTTY KK**

**ലക്ഷ്യങ്ങൾ :**

- പരിസ്ഥിതി മനോഭാവം വളർത്തിയെടുക്കുക.
- ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വ ളർത്തുക.

## ജൂൺ - ജൂലൈ

- സ്കൂളിലെ ജൈവ വൈവിധ്യ ഉദ്യാനം സന്ദർശനം
- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ
- പ്രശ്നോത്തരി (ക്ലാസ് തലം, സ്കൂൾ തലം) (throw the year)
- മഴക്ക് ശേഷം പരിസരത്തു വന്ന മാറ്റങ്ങൾ നിരീക്ഷിക്കൽ
- വീട്ടു പരിസരത്തെ സസ്യങ്ങൾ നിരീക്ഷണം.
- ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരണവും പരിചരണവും (ക്ലാസ്തലം സ്കൂൾ തലം)
- പരീക്ഷണം  വിത്ത് നട്ട് ഭാഗങ്ങൾ മുളക്കുന്ന വിവിധ ഘട്ടങ്ങൾ നിരീക്ഷണം.
- മഷിത്തണ്ട് പരീക്ഷണം പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ
- ഇല ആൽബം തയ്യാറാക്കൽ
- ഇല രൂപങ്ങൾ തയ്യാറാക്കൽ
- പൂക്കളുമായി ബന്ധപ്പെട്ട കടങ്കഥ പയറ്റ്
- ജല സസ്യങ്ങൾ നിരീക്ഷണം
- സസ്യങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ : നിരീക്ഷണം, പട്ടികപ്പെടുത്തൽ
- സസ്യ സംരക്ഷണ പോസ്റ്റർ, പ്ലക്കാർഡുകൾ എന്നിവ തയ്യാറാക്കൽ
- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈകൾ പരീക്ഷണം : പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്

## ജൂലൈ - ആഗസ്റ്റ്

- പരിസര നടത്തം ജീവികളെ നിരീക്ഷിച്ച് പട്ടികപ്പെടുത്തൽ
- എന്റെ പരിസരത്തുള്ള ജീവികൾ ചിത്രം വരയ്ക്കൽ പ്രദർശിപ്പിക്കൽ
- ജീവികളുടെ ശാരീരിക പ്രത്യേകതകൾ പട്ടികപ്പെടുത്തുക.
- കടലാസു ജീവികളുടെ നിർമ്മാണം (Collash)
- ജീവികളുടെ സഞ്ചാര രീതി : നിരീക്ഷണം, പട്ടിക വിപുലപ്പെടുത്തൽ.
- ജീവികളും ആഹാരവും പട്ടികപ്പെടുത്തൽ
- ചിത്ര ശലഭങ്ങളിലെ വൈവിധ്യം നിരീക്ഷണത്തിലൂടെ തിരിച്ചറിയുന്നു.
- ചിത്രശലഭ ആൽബം നിർമ്മാണം.
- പൂമ്പാറ്റയുടെ ജീവിത ചക്യ-വീഡിയോ നിരീക്ഷണം, ചിത്രീകരണം.
- ജീവികളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം

## ആഗസ്റ്റ് - സെപ്തംബർ

- മഴക്ക് ശേഷമുണ്ടായ മാറ്റങ്ങൾ ചർച്ച ചെയ്ത് പട്ടികപ്പെടുത്തൽ
- മഴമാപിനി നിർമ്മാണം, മഴ അളന്ന് രേഖപ്പെടുത്തൽ
- മഴയനുഭവം പതിപ്പ്
- പരീക്ഷണത്തിൽ ഏർപ്പെട്ട നിയമനം രൂപീകരിക്കൽ
  (മഴവെള്ളം ഭൂമിയിലേക്ക് താഴുന്നുണ്ടോ)
- ജലത്തിന്റെ ഉപയോഗങ്ങൾ, പാഴാകുന്ന സന്ദർഭങ്ങൾ പട്ടികപ്പെടുത്തൽ
- വിവിധയിനം മണ്ണുകൾ ശേഖരണം, പ്രദർശനം.
- മണ്ണുകൊണ്ടുള്ള പ്രയോജനങ്ങൾ, ചർച്ച
- കളിമണ്ണ് കൊണ്ടുള്ള രൂപ നിർമ്മാണം ചർച്ച, പ്രദർശനം

**ജി. യു. പി. എസ്. ആനക്കയം**

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4

## <u>മലയാളം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **നേട്ടം –<br>തനത് പ്രവർത്തനം<br><br>എല്ലാ കുട്ടികൾക്കും വായിക്കാനുള്ള ശേഷി നേടുന്നതിന്** | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ,<br>വായനക്കാർഡുകൾ നൽകൽ,<br>സ്കൂൾ പത്രം | ജൂൺ - മാർച്ച് | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ<br>സി.പി.ടി.എ. | പി.ടി.എ. ഫണ്ട് |
| **തെറ്റ് കൂടാതെ എഴുതുന്നതിന്** | പാഠഭാഗത്തെ<br>പ്രവർത്തനങ്ങൽ<br><br>സർഗ്ഗാത്മക ഡയറി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |
| **ICT പ്രയോജനപ്പെടുത്തി ഭാഷാ ശേഷികൾ നേടുന്നതിന്** | പാഠഭാഗങ്ങളുമായി<br>ബന്ധപ്പെട്ട വീഡിയോൾ | സന്ദർഭത്തിനനുസരിച്ച് | ക്ലാസ് ടീച്ചർ | |
| **പാഠത്തിലെ ആശയത്തെ ചിത്രീകരണം, അഭിനയം തുടങ്ങി വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കുന്നു.** | റീഡേഴ്സ് തിയേറ്റർ<br>(പാഠ ഭാഗങ്ങൾ:-<br>ഇനിയും മുന്നോട്ട്)<br>ചിറക് വിരിച്ച് കാറ്റേ കടലേ) | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| **വ്യത്യസ്ത വായത്താരികളും സമാന കവിതകളും ശേഖരിച്ച് ഈണത്തിൽ അവതരിപ്പിക്കുന്നതിന്, താളത്തിൽ ചൊല്ലുന്നതിന്** | കാവ്യോത്സവം:-<br>TB യിലെ കവിതകളും,<br>HB യിലെ സമാന കവിതകളും | **ജൂലൈ-മാർച്ച്** | **എസ്.ആർ.ജി. ക്ലാസ് ടീച്ചർ സി.പി.ടി.എ.** | |
| **പഴയകാല ഭക്ഷണങ്ങളുടെ മേന്മയും പുതിയ ലോകത്തെ ഫാസ്റ്റ് ഫുഡിന്റെ തിന്മകളും തിരിച്ചറിയുന്നതിന്** | ഭക്ഷ്യമേള,<br>പാചകക്കുറിപ്പ്-പതിപ്പ് തയ്യാറാക്കൽ<br>ക്ലാസിലൊരു സദ്യ | **നവംബർ** | **എസ്.ആർ.ജി. ക്ലാസ് ടീച്ചർ സി.പി.ടി.എ.** | |
| **സാഹിത്യകാരൻമാരെക്കുറിച്ച് കൂടുതൽ അറിയുന്നതിന്** | ദിനാചരണങ്ങൾ<br><br>കവി പരിചം (TB)<br><br>ഡോക്യുമെന്ററി | **സന്ദർഭത്തിനനുസരിച്ച്** | **എസ്.ആർ.ജി. ക്ലാസ് ടീച്ചർ** | |
| **കലകൾ തിരിച്ചറിയുന്നതിന്** | പ്രദേശത്തെ കലാകാരന്മാരുടെ കലാവതരണം, ഉപകരണങ്ങൾ പരിചയപ്പെടൽ | **ജനുവരി** | **എസ്.ആർ.ജി. ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ സി.പി.ടി.എ.** | |
| **ഭാഷാ ശേഷികൾ അവതരിപ്പിക്കുന്നതിന്** | കുട്ടികളുടെ കലാപ്രകടനം<br>കാവ്യോത്സവം | **മാസത്തിലൊരിക്കൽ** | **എസ്.ആർ.ജി. ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ സി.പി.ടി.എ.** | |

## ഗണിതം – ക്ലാസ് –4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **ഗണിത പഠനത്തിൽ താൽപര്യം വളർത്തുന്നു. പഠനത്തിൽ പങ്കാളിത്തം ഉറപ്പിക്കുന്നു.** | പഠനോപകരണ ശില്പശാല:-<br>സംഖ്യാകാർഡുകൾ, ക്ലോക്ക്, സമയചാക്ക, അബാക്കസ്, സ്ഥാനവില പോക്കറ്റ് etc.. | **ജൂൺ - ജൂലൈ** | **എസ്.ആർ.ജി. ക്ലാസ് ടീച്ചർ സി.പി.ടി.എ.** | **പി.ടി.എ. ഫണ്ട്** |

| | | | | |
|---|---|---|---|---|
| **സംഖ്യബോധം (1000 മുതൽ 10000 വരെ എഴുതുന്നു)** | HB, TB പ്രവർത്തനങ്ങൾ<br>സംഖ്യാ റിബ്ബർ നിർമ്മാണം | **ജൂൺ - ആഗസ്റ്റ്** | **ക്ലാസ് ടീച്ചർ** | |
| **സമയത്തെക്കുറിച്ചുള്ള ധാരണ.<br>(AM, PM)<br>റെയിൽവെ ടൈം.<br>ഇടയിലുള്ള സമയം** | ക്ലോക്ക് നിർമ്മാണം<br>സമയചക്രം നിർമ്മാണം | **ജൂലൈ- ആഗസ്റ്റ്** | **ക്ലാസ് ടീച്ചർ** | |
| **പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ** | ക്ലാസ്സിൽ ഒരു കട<br>ക്ലാസ്സിൽ ബാങ്ക് | **സെപ്തംബർ - ഡിസംബർ** | **ക്ലാസ് ടീച്ചർ** | |
| **ചതുഷ്ക്രിയകൾ ഉറപ്പിക്കൽ** | പാമ്പും കോണിയും.<br>സംഖ്യാ പമ്പരം, അബാക്കസിൽ ക്രിയകൾ ചെയ്യൽ,<br>TB പ്രവർത്തനങ്ങൾ, കളിനോട്ടുകൾ, ഗുണന വസ്തുതകൾ ഉറപ്പിക്കാനുള്ള സാമഗ്രികൾ | **ജനുവരി - ഫെബ്രുവരി** | **ക്ലാസ് ടീച്ചർ** | |
| **C.M / M / KM / Gm/ KG / Q / T ബന്ധം കണ്ടെത്തുന്നതിന്** | മീറ്റർ സ്കെയിൽ നിർമ്മാണം | **ഫെബ്രുവരി - മാർച്ച്** | **ക്ലാസ് ടീച്ചർ** | |

# ENGLISH - STD IV

| OBJECTIVES | ACTIVITIES | DURATION | CHARGE | EXPENSE |
|---|---|---|---|---|
| **LISTENING:**<br>**Listen and understand the Stories, words, and Instructions un appropriate Situations** | Simple Stories, Skit, Role Play (based on unit) Film, Spoken English<br>- Simple games<br>- News reading,<br>- News TV Presentation<br>- English Commentary of foor ball and cricket<br>- English cartoons<br>- Rhymes and songs<br>- Speaches<br>- Language lab | June - March | Class Teacher | PTA, Teacher Fund, Sponsor from Out side |
| **SPEAKING:-**<br>**To develop speaking skils through different Situations inside and outside class room** | - STORY TELLING<br>- CONVERSATION<br>- SAY ABOUT STORIES<br>- TALK ABOUT PICTURES<br>- PICTURE NARRATION<br>- SKIT<br>- ROLE PLAY<br>- SPOKEN ENGLISH<br>- ENGLISH SPEECH<br>- LANGUAGE LAB<br>- ENGLISH ASSEMBLY<br>- ENGLISH CPTA<br>- ENGLISH FEST<br>- KID'S FEST | June - March | Class Teacher | PTA, Sponsor |

| | | | | |
|---|---|---|---|---|
| **READING:**<br>**To develop reaching skills through different activities** | - PICTURE ACTIVITIES<br>- READING CARDS<br>- READING STORIES<br>- NEWS READING<br>- BOOKS READING<br>- RIDDLES<br>- CHAIN STORIES<br>- READING GAMES<br>- LANGUAGE LAB<br>- POSTER<br>- NOTICE<br>- INVITATION LETTER<br>- AVERTISEMENT | June - March | SRG, Class Teacher, CPTA | PTA |
| **WRITING:**<br>**To develop the writing skills in English through different activities** | - SPEECH BUBBLE<br>- COVERSATION<br>- WRITE TITLE<br>- STORY WRITING<br>- MAKING QUESTIONS<br>- ADD MORE LINES<br>- RIDDLES<br>- NOTICE<br>- SCRIPT<br>- FILL IN THE BLANKS<br>- ARRANGE STORIES | June - March | SRG, Class Teacher | PTA, Sponsorship |

# EVS – ക്ലാസ് –4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **തന്റെ ചുറ്റുപാടിനെ കുറിച്ചുള്ള അവബോധം വളർത്തുന്നതിന് (ജന്തു ലോകം, സസ്യ ലോകം)** | ഫീൽഡ് ട്രിപ്പ്<br>(വയൽ, വനം, കുളം, അക്വേറിയം)<br><br>- ജീവികളുടെ പ്രത്യേകതകൾ ഉൾപ്പെടുന്ന വീഡിയോസ്<br>- സസ്യങ്ങൾ<br>- ജീവികൾ, ആൽബം തയ്യാറാക്കൽ<br>- പോസ്റ്റർ നിർമ്മാണം | **ജൂൺ** | **ക്ലാസ് ടീച്ചർ** | |

| | | | | |
|---|---|---|---|---|
| **സ്വാതന്ത്ര്യ സമര ചരിത്രം, പ്രാദേശിക ചരിത്രം, ദേശീയ ചരിത്രം എന്നീ സംഭവങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന്, ദേശ സ്നേഹം വളർത്തുന്നതിന്** | - വീഡിയോ പ്രദർശനം<br>- ഗാന്ധി ഫിലിം<br>- അഭിമുഖം<br>(സ്വാതന്ത്ര സമര സേനാനികൾ)<br>- ആൽബം | **ആഗസ്റ്റ്** | **ക്ലാസ് ടീച്ചർ** | |
| **പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.** | - ഫീൽഡ് ട്രിപ്പ്<br>- വൃക്ഷത്തൈ നടൽ<br>- പോസ്റ്റർ നിർമ്മാണം<br>- പൂന്തോട്ട നിർമ്മാണം<br>- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് ഒരുക്കൽ | **ജൂൺ - ആഗസ്റ്റ്** | **എസ്.ആർ.ജി ക്ലാസ് ടീച്ചർ** | **പി.ടി.എ.** |
| **ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തൽ** | - പരീക്ഷണങ്ങൾ<br>- പഠനോപകരണ ശിൽപശാല<br>(പരീക്ഷണ സാമഗ്രികൾ) | **ഒക്ടോബർ - ജനുവരി** | **എസ്.ആർ.ജി ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ** | **പി.ടി.എ.** |
| **കേരളം ഇന്ത്യ ഭൂപട വായന** | ഭൂപടം തയ്യാറാക്കാം<br>സൂചിക തയ്യാറാക്കൽ | **ജനുവരി** | **ക്ലാസ് ടീച്ചർ** | |
